**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2453** | | **07.10.2016-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **എല്ലാ വീടുകളിലും കക്കൂസ് സൗകര്യം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | കക്കൂസ് ഇല്ലാത്ത എത്ര വീടുകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഗ്രാമപ്രദേശത്തും നഗരങ്ങളിലും ഇത് എത്ര വീതമെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്; | (എ) | ശുചിത്വ മിഷൻ നടത്തിയ സർവ്വേ അനുസരിച്ച് സംസ്ഥാനത്ത് ഗ്രാമ പ്രദേശങ്ങളിൽ 175399 വീടുകളിലും, നഗരപ്രദേശങ്ങളിൽ 34578 വീടുകളിലുമാണ് കക്കൂസ് സൗകര്യം ഇല്ലാത്തത്. |
| (ബി) | തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം ഇല്ലാത്ത സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (ബി) | കേരളത്തെ നവംബർ 1-ാം തീയതി വെളിയിടത്തെ വിസർജ്ജനം ഒഴിവാക്കപ്പെട്ട (ODF) സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനായി സർവ്വേ നടത്തി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും ഗ്രാമ പഞ്ചായത്തുകൾ പ്രത്യേക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി അധിക ധനസഹായം അനുവദിക്കുന്നതിന് 27.08.2016 തീയതിയിലെ സ.ഉ(സാധാ) നം.2537/16/തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിലെ താമസക്കാരായ കുടുംബങ്ങൾക്ക് ടോയിലെറ്റ് സൗകര്യം ഒരുക്കുന്നതിന് ഗാർഹിക കക്കൂസുകളും വരികക്കൂസുകൾ/ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളും നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിൽ നിലവിലുള്ള ഇൻസാനിട്ടറി ലാട്രിനുകളെ സാനിട്ടറി ലാട്രിനുകളാക്കി മാറ്റുക, മനോഭാവ രൂപീകരണത്തിന് വിവര- വിജ്ഞാന - വ്യാപന പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | തീരദേശത്ത് കൂടുതൽ കമ്മ്യൂണിറ്റി കക്കൂസുകൾ നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | പരിഗണനയിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എല്ലാ വീട്ടുകളിലും കക്കൂസ് സൗകര്യം ഉണ്ടാക്കി തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്ന നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അതിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ